## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1519

31.10.2019-ൽ മറുപടിക്ക്

### മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടവിമുക്തമാക്കുവാൻ നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ.എം. കെ. മുനീർ<br>ശ്രീ.സി.മമ്മൂട്ടി<br>,, പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | അഞ്ചുതെങ്ങ് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തോട്ടു ചേർന്നുള്ള പൊഴിമുഖത്ത് മത്സ്യബന്ധന ബോട്ടുകൾ അടിക്കടി അപകടത്തിൽ പെടുന്നതിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം അപകടങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെടുന്നതായും മത്സ്യബന്ധന ബോട്ടുകൾക്ക് വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | മുതലപ്പൊഴി മത്സ്യബന്ധനതുറമുഖത്തിന്റെ പൊഴിമുഖത്ത് 10 മത്സ്യത്തൊഴിലാളികളാണ് മരണപ്പെട്ടിട്ടുള്ളത്. 2016-ൽ 3 പേരും 2017-ൽ 2 പേരും 2018-ൽ 3 പേരും 2019-ൽ 2 പേരും മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 11/10/2018-ന് മുതലപ്പൊഴി ഹാർബറിൽ ശക്തമായ തിരയിൽപ്പെട്ട് ഒരു വള്ളത്തിനും അനുബന്ധ ഉപകരണത്തിനും 5,37,434/-രൂപയുടെയും 07/08/2019-ന് പുലിമുട്ടിലിടിച്ച് ഒരു വള്ളത്തിനും എഞ്ചിനും ഏകദേശം 4,50,000/-രൂപയുടെയും മറ്റൊരു വള്ളത്തിന് 75,000/-രൂപയുടെയും നാശ നഷ്ടമുണ്ടായിട്ടുണ്ട്. |
| (സി) | പൊഴിമുഖം അപകട വിമുക്തമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | മൺസൂൺ കാലത്ത് കടൽക്ഷോഭമുള്ള സമയങ്ങളിൽ ഹാർബറിന്റെ പ്രവേശന കവാടത്തിൽ തിരയിളക്കവും തിര മുറിയുന്ന പ്രതിഭാസവും ഉണ്ടാകുന്നു. കൂടാതെ തെക്കുഭാഗത്തു നിന്നും കൂടുതൽ മണ്ണ് വടക്കുഭാഗത്തേയ്ക്ക് നീങ്ങുന്നതു കാരണം ഹാർബർ പ്രവേശനകവാടത്തിൽ മണ്ണ് |

| | | | |
|---|---|---|---|
| | | | അടിയുകയും പൊഴിമുഖത്ത് ആഴം കുറയുകയും ചെയ്യുന്നു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പൊഴിമുഖത്ത് ആഴം കൂട്ടുന്നതിന് M/S അദാനി പോർട്ടിനെ ചുമതലപ്പെടുത്തുകയും ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു. മൺസൂൺ കഴിഞ്ഞ് നടത്തേണ്ട ഡ്രഡ്ജിംഗ് പ്രവൃത്തി ഉടൻ നടത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ